# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.382
## 03.03.2020 - ലെ മറുപടിക്ക്

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ**

| ചോദ്യം<br>**ശ്രീ.അനിൽ അക്കര** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ **16.06.2018**-ലെ ആർ.ഡി.**5-1250/18** നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. **06.07.2019**-ലെ സ.ഉ(സാധാ) നം.**5252/2019**/ധന പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനു ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി തുകയായ **3,50,00,000/-**(മൂന്ന് കോടി അമ്പതു ലക്ഷം രൂപ) മുൻകൂറായി അനുവദിച്ച് പ്രത്യേകാനുമതി നൽകിയിരുന്നു. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക പി.ഡബ്ല്യൂ.ഡി യുടെ അക്കൗണ്ടിൽ ആയതിനാൽ കെ.എം.എസ്.സി.എൽ ന്റെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) മെഷീൻ വാങ്ങുന്നതിനുള്ള ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; | ഇല്ല. പി.ഡബ്ല്യൂ.ഡി യിൽ നിന്നും ഫണ്ട് പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ നിന്നും തൃശ്ശൂർ ജില്ലാ ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| സി) ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി ബില്ല് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ